# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2468 — 11/10/2011 ന് മറുപടിയ്ക്ക്

### ജാതി സർട്ടിഫിക്കറ്റിലെ അപാകത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ 9.3.1996 ലെ 12011/96/94 ബി.സി.സി. നമ്പർ തീരുമാനു പ്രകാരം കേരളത്തിലെ മുസ്ലീങ്ങളെ ഒ.ബി.സി. പട്ടികയിൽ 39 എ അദർ മുസ്ലീംസ് എക്സ്ക്ലൂഡിംഗ് (I) ബോഹറ (II) കച്ചി മേമൺ (III) നവായാട്ട് (IV) തുറുക്കൻ (V) ദഗ്നി മുസ്ലീം എന്നിങ്ങനെയാണോ ചേർത്തിട്ടുള്ളത് എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) കേന്ദ്ര സർക്കാരിന്റെ 09/03/1996 ലെ 12011/96/94 ബി.സി.സി നം. തീരുമാന പ്രകാരം കേരളത്തിലെ മുസ്ലീങ്ങളെ ഒ.ബി.സി. പട്ടികയിൽ 39 എ അദർ മുസ്ലീംസ് എക്സ്ക്ലൂഡിംഗ് (I) ബോഹറ (II) കച്ചി മേമൺ (III) നവായാട്ട് (IV) തുറുക്കൻ (V) ദഗ്നി മുസ്ലീം എന്നിങ്ങനെയാണ് ചേർത്തിട്ടുള്ളത്. |
| (ബി) സംസ്ഥാന സർക്കാരിന്റെ 26.3.1996 - ലെ No.13233/എഫ്1/95/എസ്.സിഎസ്.റ്റിഡിഡി സർക്കുലറിലൂടെ എല്ലാ വകുപ്പ് മേധാവികളെയും ഇക്കാര്യം അറിയിച്ചിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) എന്നാൽ കേരളത്തിലെ ബഹുഭൂരിപക്ഷം തഹസിൽദാർമാരും ഇപ്പോഴും നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റുകളിൽ ഇസ്ലാം-മുസ്ലീം എന്നു ചേർത്തിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) എങ്കിൽ ഇപ്രകാരമുള്ള ജാതി -നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റുകൾ കേന്ദ്ര സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും അംഗീകരിക്കാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ;<br>(ഇ) ഇത് കേരളത്തിലെ മുസ്ലീങ്ങൾക്ക് സംവരണാനുകൂല്യങ്ങളും വയസ്സിളവും നിഷേധിക്കുന്നതിന് കാരണമാകുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;<br>(എഫ്) കേന്ദ്ര സർവ്വകലാശാലകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രവേശനം ലഭിക്കുവാനും ഇത്തരം സർട്ടിഫിക്കറ്റുകൾ പ്രയോജനപ്പെടാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ജി) എങ്കിൽ ക്രീമിലെയർ-ജാതി സർട്ടിഫിക്കറ്റുകളിൽ അദർ മുസ്ലീംസ് എക്സ്ക്ലൂഡിംഗ് (I) ബോഹറ (II)കച്ചി മേമൺ (III) നവായാട്ട് (IV) തുറുക്കൻ (V)ദഗ്നി മുസ്ലീം വൈഡ് എസ്.എൽ.നം: 39എ എന്ന് ചേർത്ത് സർട്ടിഫിക്കറ്റുകൾ നൽകാൻ റവന്യൂ വകുപ്പ് അധികാരികൾക്ക് നിർദ്ദേശം നൽകുമോ ? | കേന്ദ്ര ഒ.ബി.സി. ലിസ്റ്റ് പ്രകാരം ജാതി/നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കാത്തതു മൂലം മുസ്ലീം സമുദായത്തിൽ പ്പെട്ടവർക്ക് കേന്ദ്ര സംവരണാനുകൂല്യം നഷ്ടപ്പെടുന്നതായി സർക്കാരിന് പരാതി ലഭിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 7/02/2011 ലെ 26581/എഫ്1/09/പ.ജ.പ.വ.വി.വ. നമ്പർ സർക്കുലർ പ്രകാരം മുസ്ലീം സമുദായത്തിൽപ്പെട്ടവർക്ക് കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ /തൊഴിൽ ആവശ്യങ്ങൾക്കായി കേന്ദ്ര ഒ.ബി.സി. ലിസ്റ്റിലെ 39 എ പ്രകാരം "അദർ മുസ്ലീംസ് എക്സ്ക്ലൂഡിംഗ് (I) ബോഹറ (II) കച്ചി മേമൺ (III) നവായാട്ട് (IV) തുറുക്കൻ (V) ദഗ്നി മുസ്ലീം" എന്ന് സർട്ടിഫിക്കറ്റ് നൽകണമെന്ന് എല്ലാ റവന്യൂ ആഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ